പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2215 | 23.03.2012 ൽ മറുപടിയ്ക്ക് |
|---|---|

**അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. ഇ.എസ്. ബിജിമോൾ | | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐസിഡിഎസ് പദ്ധതിയിൻ കീഴിൽ ഓണറേറിയം വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന സന്നദ്ധ പ്രവർത്തകരാണ് അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും. ഇവരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്ന കാര്യം നിലവിൽ പരിഗണനയിൽ ഇല്ല. |
| (ബി) | സീനിയോറിട്ടിയുടേയും യോഗ്യതയുടേയും അടിസ്ഥാനത്തിൽ വർക്കർമാരെ പ്രൊമോഷൻ നല്കി സൂപ്പർവൈസർമാരായി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) സൂപ്പർവൈസർ തസ്തികയിൽ പി.എസ്.സി. മുഖാന്തിരമാണ് നിയമനം നടത്തി വരുന്നത്. ആയതിൽ 10 വർഷം സേവനം പൂർത്തിയാക്കിയ വർക്കർമാർക്ക് 29% സംവരണം നൽകിവരുന്നുണ്ട്. |
| (സി) | സൂപ്പർവൈസർമാരായി നിയമിക്കുന്നതിന് വർക്കർമാർക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള ക്വാട്ടാ വർദ്ധിപ്പിക്കുന്നതിന് നടപടി കൈക്കൊള്ളുമോ? | (സി) നിലവിൽ പരിഗണനയിലില്ല. |

| | | |
|---|---|---|
| (ഡി) | കേന്ദ്രസർക്കാർ പ്രഖ്യാപിച്ചതുപോലെ സംസ്ഥാന സർക്കാരും അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം 2011 ഏപ്രിൽ മുതൽ വർദ്ധിപ്പിക്കുവാൻ നടപടി കൈക്കൊള്ളുമോ; | (ഡി) പരിശോധിച്ചുവരുന്നു. |
| (ഇ) | പെൻഷൻ ആകുന്ന അംഗൻവാടി ജീവനക്കാർക്ക് ഇപ്പോൾ നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ? | (ഇ) 60 വയസ്സ് പൂർത്തിയായി വിരമിക്കുന്ന അംഗൻവാടി ജീവനക്കാർക്ക് അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധിയുടെ ഭാഗമായി വർക്കർമാർക്ക് 500/- രൂപയും ഹെൽപ്പർമാർക്ക് 300/- രൂപയും പ്രതിമാസ പെൻഷനായി നൽകി വരുന്നുണ്ട്. കൂടാതെ ടി ജീവനക്കാർ ക്ഷേമനിധിയിൽ അടച്ച വിഹിതവും തുല്യമായ സർക്കാർ വിഹിതവും 11% പലിശയും നൽകി വരുന്നുണ്ട്. പെൻഷൻ കൈപ്പറ്റി വരുന്നയാൾ മരണപ്പെടുന്ന പക്ഷം അംഗൻവാടി ജീവനക്കാരുടെ അവകാശികൾക്ക് വർക്കർമാരുടേതാണെങ്കിൽ 15,000/- രൂപയും ഹെൽപ്പർമാരുടേതാണെങ്കിൽ 10,000/- രൂപയും ഒറ്റത്തവണ എക്സ്ഗ്രേഷ്യയായി നൽകുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ